"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ഉന്നത വിദ്യാഭ്യാസ വകുപ്പ് - സാങ്കേതികം - ജീവനക്കാര്യം - കണ്ണൂർ ജില്ലയിലെ പിണറായി സർക്കാർ പോളിടെക്നിക് കോളേജിൽ സൃഷ്ടിച്ച ലൈബ്രേറിയൻ ഗ്രേഡ്-IV തസ്തിക ഗ്രേഡ്-III തസ്തികയായി ഉയർത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉന്നത വിദ്യാഭ്യാസ (എൽ) വകുപ്പ്

സ.ഉ.(കൈ) നം.690/2025/HEDN തീയതി,തിരുവനന്തപുരം, 26-09-2025

---

പരാമർശം:- 1. സ.ഉ.(കൈ) നം.911/2014/ഉ.വി.വ തീയതി 28.11.2014.

2. സ.ഉ.(കൈ) നം.443/2024/ഉ.വി.വ തീയതി 19.07.2024.

3. 08.09.2024, 10.03.2025 തീയതികളിലെ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ എൽ1/27987/2017/ഡി.ടി.ഇ നമ്പർ കത്ത്.

<u>ഉത്തരവ്</u>

കണ്ണൂർ ജില്ലയിലെ ധർമ്മടം മണ്ഡലത്തിൽ പിണറായി എഡ്യൂക്കേഷൻ ഹബ്ബിൽ ആരംഭിച്ച സർക്കാർ പോളിടെക്നിക് കോളേജിനായി ലൈബ്രേറിയൻ ഗ്രേഡ്-IV തസ്തിക ഉൾപ്പടെ 30 തസ്തികകൾ പരാമർശം (2) ഉത്തരവ് പ്രകാരം സൃഷ്ടിച്ചിരുന്നു. എന്നാൽ പരാമർശം (1) പ്രകാരം കോമൺപൂൾ ലൈബ്രേറിയൻമാരുടെ തരംതിരിക്കൽ (standardization) നടത്തിയതിൽ സർക്കാർ പോളിടെക്നിക് കോളേജുകളിലേയ്ക്ക് നിശ്ചയിച്ചിട്ടുള്ളത് ഗ്രേഡ്-I അല്ലെങ്കിൽ ഗ്രേഡ്-III ലൈബ്രേറിയൻ തസ്തികകളാണ്. ഇതിൽ നിന്നും വിഭിന്നമായി പിണറായി സർക്കാർ പോളിടെക്നിക് കോളേജിൽ ലൈബ്രേറിയൻ ഗ്രേഡ്-IV തസ്തിക സൃഷ്ടിച്ചത് കോമൺപൂൾ ലൈബ്രേറിയൻമാരുടെ തരംതിരിക്കലിനെ ബാധിക്കുമെന്നും പ്രസ്തുത സ്ഥാപനത്തിലേയ്ക്ക് അനുവദിച്ചിട്ടുള്ള ഗ്രേഡ്-IV ലൈബ്രേറിയൻ തസ്തിക ഗ്രേഡ്-III ആയി ഉയർത്തി നൽകണമെന്നും സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പോളിടെക്നിക് കോളേജുകളിൽ സമാനമായ തസ്തികകൾ സൃഷ്ടിക്കുന്നതാണ് ഭരണപരമായ സൗകര്യമെന്നും ആയതിനാൽ കണ്ണൂർ ജില്ലയിലെ പിണറായി സർക്കാർ പോളിടെക്നിക് കോളേജിലും ലൈബ്രേറിയൻ ഗ്രേഡ്-III തസ്തിക അനുവദിക്കുന്നതാണ് ഉചിതമെന്നും സർക്കാർ വിലയിരുത്തുന്നു. ആയതിനാൽ പരാമർശം (2) പ്രകാരം കണ്ണൂർ പിണറായി പോളിടെക്നിക് കോളേജിൽ അനുവദിച്ച ലൈബ്രേറിയൻ ഗ്രേഡ്-IV തസ്തിക ലൈബ്രേറിയൻ ഗ്രേഡ്-III ആയി ഉയർത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ. ഷർമിള മേരി ജോസഫ്

പ്രിൻസിപ്പൽ സെക്രട്ടറി

ഉന്നത വിദ്യാഭ്യാസ (എ) വകുപ്പ്

സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.

പ്രിൻസിപ്പാൾ, സർക്കാർ പോളിടെക്നിക് കോളേജ്, പിണറായി, കണ്ണൂർ (സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ മുഖേനെ)

സാങ്കേതിക പരീക്ഷാ കൺട്രോളർ, തിരുവനന്തപുരം (സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ മുഖേനെ)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കോട്ടയം, കേരളം.

പൊതുഭരണ (എസ്.സി) വകുപ്പ് (24.09.2025 ലെ ഇനം നം.3291 പ്രകാരം)

ഉന്നത വിദ്യാഭ്യാസ (എ) വകുപ്പ്.

വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

www.highereducation.kerala.gov.in

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്/(L2/422/2024).

Signed by ഉത്തരവിൻ പ്രകാരം

Geetha Lekshmi. G

Date: 26-09-2025 14:56:50 [illegible]

പകർപ്പ് - ബഹു.ഉന്നത വിദ്യാഭ്യാസ, സാമൂഹ്യനീതി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.

0

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 24-09-2025**

ഫയൽ നം. എൽ2/422/2024/ഉ.വി.വ. ഇനം നം: 3291

വിഷയം : ഉന്നതവിദ്യാഭ്യാസ വകുപ്പ് - കണ്ണൂർ ധർമ്മടം മണ്ഡലത്തിലെ പിണറായി എഡ്യൂക്കേഷൻ ഹബ്ബിൽ അനുവദിച്ച സർക്കാർ പോളിടെക്നിക് കോളേജിൽ സൃഷ്ടിച്ച ലൈബ്രേറിയൻ ഗ്രേഡ്-IV തസ്തിക ഗ്രേഡ്-III ആയി ഉയർത്തുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി. ഉന്നതവിദ്യാഭ്യാസ വകുപ്പ്.

24/9/25

JS (K)
Need to Issue Orders without delay
Put up draft
SO(L)
24 9 25

**കേരള സർക്കാർ**
**(പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | എൽ 2/422/2024/ഉ.വി.വ |
| 2 | വകുപ്പ് | : | ഉന്നതവിദ്യാഭ്യാസ (എൽ) വകുപ്പ് |
| 3 | വിഷയം | | കണ്ണൂർ ധർമ്മടം മണ്ഡലത്തിലെ പിണറായി എഡ്യൂക്കേഷൻ ഹബ്ബിൽ അനുവദിച്ച സർക്കാർ പോളിടെക്നിക് കോളേജിൽ സൃഷ്ടിച്ച ലൈബ്രേറിയൻ ഗ്രേഡ്-IV തസ്തിക ഗ്രേഡ്-III ആയി ഉയർത്തുന്നത് സംബന്ധിച്ച്. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 01.09.2025 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ?<br>(ii)സാമ്പത്തികബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | :<br>: | അതെ<br>ഉണ്ട്. |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഇല്ല |
| 7 | കരട് കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | രാജേഷ് എം |
| 8 | കരട് കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര്. | : | ഡോ.ശർമിള മേരി ജോസഫ് |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി. | : | 15.09.2025 |
| 10 | കരട് കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ.എ ജയതിലക് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 23.09.2025 |
| 12 | കരട് കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ഡോ.ആർ ബിന്ദു |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 23.09.2025 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 23.09.2025 |
| 15 | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | : | 24.09.2025 |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പരും തീയതിയും | : | സ.ഉ.(കൈ) നം.690/2025/ഉ.വി.വ തീയതി 26.09.2025 |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

കണ്ണൂർ ജില്ല ധർമ്മടം മണ്ഡലത്തിലെ പിണറായി എഡ്യൂക്കേഷൻ ഹബ്ബിൽ അനുവദിച്ചിട്ടുള്ള സർക്കാർ പോളിടെക്നിക് കോളേജിൽ സൃഷ്ടിച്ച ലൈബ്രേറിയൻ ഗ്രേഡ് IV തസ്തിക ലൈബ്രേറിയൻ ഗ്രേഡ്-III ആയി ഉയർത്തുന്നത് സംബന്ധിച്ച വിഷയമാണ് ഈ കുറിപ്പിൽ പരാമർശിക്കുന്നത്.

2. 19.07.2024 ലെ സ.ഉ.(കൈ) നം.443/2024/ഉ.വി.വ നമ്പർ ഉത്തരവ് പ്രകാരം പിണറായി എഡ്യൂക്കേഷൻ ഹബ്ബിൽ അനുവദിച്ചിട്ടുള്ള സർക്കാർ പോളിടെക്നിക് കോളേജിനായി ലൈബ്രേറിയൻ ഗ്രേഡ് IV ന്റെ ഒരു തസ്തിക ഉൾപ്പടെ 30 തസ്തികകൾ സൃഷ്ടിച്ചിരുന്നു.

3. എന്നാൽ ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ 28.11.2014 ലെ സ.ഉ.(കൈ) നം.911/2014/ഉ.വി.വ നമ്പർ ഉത്തരവ് പ്രകാരം കോമൺപൂൾ ലൈബ്രറി സർവ്വീസിലെ ലൈബ്രേറിയൻമാരുടെ തരംതിരിക്കൽ (standardization) ഉത്തരവായപ്പോൾ സർക്കാർ പോളിടെക്നിക് കോളേജുകളിലേയ്ക്ക് നിശ്ചയിച്ച നൽകിയിട്ടുള്ളത് ഗ്രേഡ്-I അല്ലെങ്കിൽ ഗ്രേഡ്-III ലൈബ്രേറിയൻമാരെയാണ് എന്നും, ഇത് പ്രകാരം സർക്കാർ പോളിടെക്നിക് കോളേജുകളിൽ 38 ഗ്രേഡ്-III ലൈബ്രേറിയൻ തസ്തികകളും, 4 ഗ്രേഡ-I ലൈബ്രേറിയൻ തസ്തികകളുമാണ് നിലവിലുള്ളത് എന്നും ഇതിൽ നിന്നും വിഭിന്നമായി പിണറായി സർക്കാർ പോളിടെക്നിക് കോളേജിൽ ലൈബ്രേറിയൻ ഗ്രേഡ്-IV തസ്തിക സൃഷ്ടിച്ചത് കോമൺപൂൾ ലൈബ്രേറിയൻമാരുടെ തരംതിരിക്കലിനെ ബാധിക്കുമെന്നും ആയതിനാൽ ടി സ്ഥാപനത്തിലേയ്ക്കായി അനുവദിച്ചിട്ടുള്ള ലൈബ്രേറിയൻ ഗ്രേഡ്-IV തസ്തിക ഗ്രേഡ്-III ആയി ഉയർത്തി നിശ്ചയിച്ച നൽകണമെന്നും സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ അപേക്ഷിച്ചിരുന്നു.

4. തുടർന്ന് ഇതു സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ അഭിപ്രായം തേടിയ സാഹചര്യത്തിൽ ആ വകുപ്പ് ചുവടെ ചേർക്കും പ്രകാരം അഭിപ്രായം രേഖപ്പെടുത്തി.

*"പതിനൊന്നാം ശമ്പളപരിഷ്കരണ ഉത്തരവിലെ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ ലൈബ്രേറിയൻ തസ്തിക കോമൺപൂൾ ലൈബ്രേറിയൻ സർവ്വീസിൽ ഉൾപ്പെടുന്ന തസ്തികയാണ്. കോമൺപൂൾ ലൈബ്രേറിയൻ തസ്തികയിൽ നിന്നുമാണ് സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ ലൈബ്രേറിയൻ തസ്തികയിലേയ്ക്ക് നിയമനം നടത്തുന്നത്. കോമൺപൂൾ ലൈബ്രേറിയൻ തസ്തികയിലെ പ്രവേശന തസ്തിക 31100-66800 ശമ്പളസ്കെയിലിലുള്ള ലൈബ്രേറിയൻ ഗ്രേഡ് IV തസ്തികയാണ്. ആയതിനാലാണ് പുതിയതായി ആരംഭിച്ച പിണറായി പോളിടെക്നിക്ക് കോളേജിൽ എൻടി കേഡർ തസ്തികയായ 31100-66800 ശമ്പളസ്കെയിലിലുള്ള ലൈബ്രേറിയൻ ഗ്രേഡ് IV സൃഷ്ടിക്കാവുന്നതാണെന്ന് 24/05/2024 തീയതിയിൽ ധനകാര്യ വകുപ്പിൽ നിന്ന് അഭിപ്രായം നൽകിയത്. കോമൺപൂൾ ലൈബ്രേറിയൻ സർവ്വീസിലുൾപ്പെടുന്ന ലൈബ്രേറിയൻമാരുടെ ഗ്രേഡിംഗ് നടത്തി തരംതിരിച്ചുകൊണ്ട് ഭരണവകുപ്പ് തന്നെ പുറപ്പെടുവിച്ച പ്രസ്തുത ഉത്തരവിന്റെ വെളിച്ചത്തിൽ പിണറായി പോളിടെക്നിക് കോളേജിൽ പുതിയതായി സൃഷ്ടിച്ച ലൈബ്രേറിയൻ തസ്തികയുടെ ഗ്രേഡ് ഉയർത്തണമെന്ന ആവശ്യത്തിൽ ധനകാര്യ വകുപ്പിന് പ്രത്യേകിച്ച് അഭിപ്രായമൊന്നും രേഖപ്പെടുത്താനാവില്ല. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടി വിഷയത്തിൽ ഭരണവകുപ്പിന് തന്നെ ഉചിതതലത്തിൽ തീരുമാനം കൈക്കൊള്ളാവുന്നതാണെന്ന് അറിയിക്കുന്നു."*

5. ധനകാര്യ വകുപ്പിന്റെ മേൽ അഭിപ്രായം കൂടി മുൻനിർത്തി ഗ്രേഡ്-IV ലൈബ്രേറിയൻ തസ്തിക ഗ്രേഡ്-III ആയി മാറ്റി ഉത്തരവാകുന്നതിനായി ഫയൽ ബഹു.മുഖ്യമന്ത്രിയ്ക്ക് ചംക്രമണം ചെയ്യുകയും ചീഫ് സെക്രട്ടറി കൂടി കണ്ട് ഫയൽ സമർപ്പിക്കുന്നതിന് ബഹു.മുഖ്യമന്ത്രി ഉത്തരവാകുകയും ചെയ്തു. തുടർന്ന് ചീഫ് സെക്രട്ടറിയുടെ നിർദ്ദേശപ്രകാരം, ടി പ്രൊപ്പോസൽ സാമ്പത്തിക ബാധ്യത ഉള്ളതിനാൽ, ധനകാര്യവകുപ്പിന്റെ വ്യക്തമായ അഭിപ്രായത്തിനായി

വീണ്ടും ഫയൽ ധനവകുപ്പിന് കൈമാറിയിരുന്നു. ധനവകുപ്പ് ചുവടെ ചേർക്കും പ്രകാരം അഭിപ്രായം രേഖപ്പെടുത്തി.

*"നിലവിൽ അനുവദിച്ചിട്ടുള്ള പോലെ തുടരുന്നതാണ് ഉചിതമെന്ന് അറിയിക്കുന്നു."*

6. മറ്റ് സർക്കാർ പോളിടെക്നിക് കോളേജുകളിൽ നിലവിലുള്ള ലൈബ്രേറിയൻ ഗ്രേഡ്-III തസ്തികയ്ക്ക് സമാനമായി പിണറായി സർക്കാർ പോളിടെക്നിക് കോളേജിലും ലൈബ്രേറിയൻ ഗ്രേഡ് - III തസ്തിക തന്നെ സൃഷ്ടിക്കുന്നതാണ് ഭരണപരമായ സൗകര്യം എന്നത് മുൻനിർത്തി ഉത്തരവിനായി ഫയൽ ബഹു.ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി മുഖേനെ ബഹു.മുഖ്യമന്ത്രിയ്ക്ക് സമർപ്പിച്ചപ്പോൾ, വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്കായി സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായി.

## <u>തീരുമാനിക്കേണ്ട വിഷയം</u>

കോമൺപൂൾ ലൈബ്രറി സർവീസിലെ ലൈബ്രേറിയന്മാരുടെ തരംതിരിക്കൽ നിശ്ചയിച്ചുകൊണ്ട് പുറപ്പെടുവിച്ച 28.11.2014 തീയതിയിലെ സ.ഉ.(കൈ) നം.911/2014/ഉ.വി.വ ഉത്തരവിന്റെ വെളിച്ചത്തിൽ കണ്ണൂർ ജില്ലയിലെ ധർമ്മടം പിണറായി എഡ്യൂക്കേഷൻ ഹബ്ബിൽ അനുവദിച്ചിട്ടുള്ള പിണറായി സർക്കാർ പോളിടെക്നിക് കോളേജിൽ 19.07.2024 തീയതിയിലെ സ.ഉ.(കൈ) നം.443/2024/ഉ.വി.വ പ്രകാരം സൃഷ്ടിച്ച ലൈബ്രേറിയൻ ഗ്രേഡ്-IV തസ്തിക, ധനകാര്യവകുപ്പിന്റെ അഭിപ്രായം മറികടന്നുകൊണ്ട് ഗ്രേഡ്-III തസ്തികയാക്കി ഉയർത്താവുന്നതാണോ?